## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ- 279 06.01.2014-ൽ മറുപടിയ്ക്ക്

### എം.ജി. കോളേജിന് നേരെയുള്ള ആക്രമണങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ആർ രാജേഷ്<br>ശ്രീ. കോലിയക്കോട് എൻ.കൃഷ്ണൻനായർ<br>ശ്രീ. ബി.സത്യൻ<br>ശ്രീ.വി. ശിവൻകുട്ടി | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) തിരുവനന്തപുരം എം.ജി. കോളേജിൽ ഏതാനും സാമൂഹ്യവിരുദ്ധർ നടത്തിയ ആക്രമണങ്ങളെ സംബന്ധിച്ച് പോലീസ് പ്രത്യേക സംഘം അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ എത്ര പേർക്കെതിരെ ഏതെല്ലാം വകുപ്പുകളിൽ കേസ് എടുക്കുകയുണ്ടായി; | (എ) ഉണ്ട്. പതിനഞ്ചോളം പേർക്കെതിരെ നാല് കേസുകൾ പേരൂർക്കട പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ക്രൈം നമ്പരും വകുപ്പും ചുവടെ ചേർക്കുന്നു.<br>1. Cr. 1124/13 u/s 143, 147, 148, 149,188,332,427 & 308 IPC & Sec.3(2)(e) of PDPP Act & 3/5 of Explosive Act.<br>2. Cr.1135/13 u/s 66 of IT Act & 118(D) of KP Act.<br>3. Cr.1139/13 u/s 109,501,506 (i) & 188 IPC.<br>4. Cr. 976/13 u/s 323, 506 (i) , 188 & 34 IPC |
| (ബി) സാമൂഹ്യവിരുദ്ധർ നടത്തിയ അഴിഞ്ഞാട്ടങ്ങളെ ചെറുത്ത അദ്ധ്യാപകരുടെ വീടുകൾ തെരഞ്ഞുപിടിച്ച് ആക്രമണങ്ങൾ അഴിച്ചുവിട്ടതും അന്വേഷിക്കുകയുണ്ടോയോ | (ബി) ഇത് സംബന്ധിച്ച് രണ്ട് കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷിക്കുകയുണ്ടായി. |
| (സി) സാമൂഹ്യദ്രോഹികളെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവരുന്നതിനും കോളേജിനെയും അദ്ധ്യാപകരെയും വിദ്യാർത്ഥികളെയും സംരക്ഷിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) എം.ജി. കോളേജിനെയും അദ്ധ്യാപകരെയും വിദ്യാർത്ഥികളെയും സംരക്ഷിക്കുന്നതിനും കോളേജിന്റെ സുഗമമായ നടത്തിപ്പിനുമായി വളരെ ശക്തമായ നടപടികളാണ് പോലീസിന്റെ ഭാഗത്തു നിന്നും സ്വീകരിച്ചിട്ടുള്ളത്. അക്രമ പ്രവർത്തനങ്ങൾ നടത്തിയവർക്കെതിരെ കേസുകൾ രജിസ്റ്റർ ചെയ്ത് അവരെ അറസ്റ്റ് ചെയ്ത് നിയമത്തിനു മുമ്പിൽ കൊണ്ടുവരുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. കൂടാതെ ബഹു.ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ കോളേജിന് പോലീസ് സംരക്ഷണം തുടർന്നു വരികയാണ്. |

സെക്ഷൻ ഓഫീസർ